എം.റ്റി(1)9738/2017

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 07-10-2017

**സർക്കുലർ നമ്പർ.42/2017**

വിഷയം:- സഹകരണ വകുപ്പ്-കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് ഓർക്കാട്ടേരി ലേബർ കോൺട്രാക്റ്റ് ആന്റ് കൺസ്ട്രക്ഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഡി.2860-ന്റെ ഓഹരി എടുക്കുന്നതിന് അനുവാദം നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 1) ഓർക്കാട്ടേരി ലേബർ കോൺട്രാക്റ്റ് ആന്റ് കൺസ്ട്രക്ഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഡി.2860-ന്റെ ഭരണ സമിതിയുടെ 29.12.2016-ലെ 9-ാം നമ്പർ തീരുമാനം.

2) കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ 28.02.2017-ലെ സി.എസ്.461/17 നമ്പർ കത്ത്.

-----

ഓർക്കാട്ടേരി ലേബർ കോൺട്രാക്റ്റ് ആന്റ് കൺസ്ട്രക്ഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഡി.2860-ന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്കായി കോഴിക്കോട് ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് ടി സംഘത്തിൽ ഓഹരി എടുക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് സൂചന (1) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടി സംഘത്തിന്റെ നിയമാവലി (5) പ്രകാരം മറ്റ് സഹകരണ സംഘങ്ങൾക്ക് ടി സംഘത്തിന്റെ ഓഹരി എടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്. സൂചന (2) പ്രകാരം കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ടി സംഘത്തിന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ അപേക്ഷയുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ഓർക്കാട്ടേരി ലേബർ കോൺട്രാക്റ്റ് ആന്റ് കൺസ്ട്രക്ഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഡി.2860-ന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്ക് വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരാത്തതുമായ കോഴിക്കോട് ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണസമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓർക്കാട്ടേരി ലേബർ കോൺട്രാക്റ്റ് ആന്റ് കൺസ്ട്രക്ഷൻ സഹകരണ സംഘത്തിന്റെ ഓഹരി എടുക്കുന്നതിന് ഇതിനാൽ അനുവാദം നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
എസ്. ലളിതാംബിക ഐ.എ.എസ്.,
സഹകരണ സംഘം രജിസ്ട്രാർ.

1) സെക്രട്ടറി,
ഓർക്കാട്ടേരി ലേബർ കോൺട്രാക്റ്റ് ആന്റ് കൺസ്ട്രക്ഷൻ
സഹകരണ സംഘം ക്ലിപ്തം നമ്പർ. ഡി.2860
2) ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോഴിക്കോട്.
3) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), കോഴിക്കോട്.
4) എഡിറ്റർ, സഹകരണ വീഥി/ജേർണൽ.
5) കരുതൽ ഫയൽ.
6) അധികം.

ആജ്ഞാനുസരണം,

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി/എം.റ്റി)

ഡിജി